# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആറ് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഓം പ്രകാശ് മാധൂർ കേരള ഗവർണറാകും. രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിനെ തമിഴ്നാട് ഗവർണറായും നിയമിച്ചു.
   **President Droupadi Murmu Appoints New Governors in Six States; Om Prakash Mathur to Become Kerala Governor, Rajendra Vishwanath Arlekar Appointed as Tamil Nadu Governor.**
2. ഇന്ത്യയുടെ ആതിഥേയത്വത്തിൽ ബിംസ്ടെക് ആഭ്യന്തര മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും.
   **India to Host BIMSTEC Home Ministers' Meeting in New Delhi Today.**
3. കാൻസർ ചികിത്സാ മരുന്നുകളുടെ വ്യാപാര മാർജിൻ പരമാവധി വിൽപ്പനവിലയുടെ 30 ശതമാനമാക്കിയതായി കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ.
   **Centre Informs Supreme Court That Trade Margin on Cancer Drugs Is Capped at 30% of Maximum Retail Price.**
4. ജമ്മു-കശ്മീരിലെ പൂഞ്ച് ജില്ലയിൽ നുഴഞ്ഞുകയറ്റ ശ്രമത്തിനിടെ, ലഷ്കർ-ഇ-തൊയ്ബ കമാൻഡർ ഉൾപ്പെടെ നാല് ഭീകരർ കൊല്ലപ്പെട്ടു.
   **Four Terrorists, Including Lashkar-e-Taiba Commander, Killed During Infiltration Bid in Jammu and Kashmir's Poonch District.**
5. ഇന്ന് കേരള സംസ്ഥാന കായിക ദിനം. ദിനാഘോഷം മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
   **Kerala State Sports Day Today; Chief Minister V. D. Satheesan to Inaugurate Celebrations in Thiruvananthapuram.**
6. ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് തുടക്കം. ഇന്ത്യയുടെ തൻവി ശർമ്മ ഇന്ന് ജപ്പാൻ താരത്തെ നേരിടും.

**Denmark Open Badminton Tournament Begins Today; India's Tanvi Sharma to Face Japanese Opponent.**

*************************

## GOVERNOR APPOINTMENT

ആറ് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. സിക്കിം ഗവർണർ ഓം പ്രകാശ് മാത്തൂർ കേരളത്തിന്റെ പുതിയ ഗവർണറാകും. കേരള ഗവർണറായിരുന്ന രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിനെ തമിഴ്നാടിന്റെ ഗവർണറായി നിയമിച്ചു. ദുഷ്യന്ത് ഗൗതമിനെ സിക്കിം ഗവർണറായും, ഒഡീഷ ഗവർണറായി ബ്രജ് മോഹൻ റാമിനെയും, കർണാടക ഗവർണറായി സുധ യാദവിനെയും, ഉത്തരാഖണ്ഡ് ഗവർണറായി ധാൽ സിംഗ് ബിസെനെയും നിയമിച്ചു.

*************************

## BIMSTEC-DELHI

ബിംസ്ടെക് ആഭ്യന്തര മന്ത്രിമാരുടെ യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. ഭീകരവാദം, അതിർത്തി കടന്നുള്ള കുറ്റകൃത്യങ്ങൾ, ലഹരിക്കടത്ത്, സൈബർ ഭീഷണികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യും. ഇന്ത്യ ആഥിതേയത്വം വഹിക്കുന്ന ആദ്യ ബിംസ്ടെക് ആഭ്യന്തര മന്ത്രിമാരുടെ യോഗമാണിത്. ഭീകരവാദം ഉൾപ്പെടെയുള്ള സുരക്ഷാ വെല്ലുവിളികൾ നേരിടുന്നതിലെ ബിംസ്ടെക് അംഗരാജ്യങ്ങളുടെ നിശ്ചയദാർഢ്യത്തിന്റെ പ്രതിഫലനമാണ് യോഗമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

*************************

## GOYAL - INDIA UK

2030-ഓടെ ഇന്ത്യയും യുകെയും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്ത്യ-യുകെ ജോയിന്റ് ഇക്കണോമിക് ആൻഡ് ട്രേഡ് കമ്മിറ്റിയുടെ 16-ാമത് സമ്മേളനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ 'ജെറ്റ്കോ ബിസിനസ് പ്ലീനറി'യെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ-യുകെ സാമ്പത്തിക സഹകരണം ശക്തമാകുന്നതിലൂടെ ഇരുരാജ്യങ്ങളിലെയും വ്യവസായ മേഖലകൾക്ക് പുതിയ അവസരങ്ങൾ തുറന്നു നല്കാനാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

*************************

## SEVA SANKALP(INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്തെ കർഷകർക്ക് വരുമാന പിന്തുണ നല്കാൻ

ലക്ഷ്യമിട്ട്, നടപ്പാക്കുന്ന പിഎം കിസാൻ സമ്മാൻ നിധിയെക്കുറിച്ചാണ് ആകാശവാണിയുടെ 'ജനസേവനമാണ് ദേശസേവനം' പ്രത്യേക പരമ്പരയിൽ ഇന്ന്. 2019 ഫെബ്രുവരിയിലാണ് പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രകാരം, അർഹരായ കർഷക കുടുംബങ്ങൾക് പ്രതിവർഷം 6,000 രൂപയുടെ സാമ്പത്തിക സഹായം നൽകുന്നു. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കർഷകർ നിർണായക പങ്ക് വഹിക്കുന്നതായി പ്രധാനമന്ത്രി നേരത്തെ വ്യക്തമാക്കിയിരുന്നു.

**(voice)**

*************************

## KERALA ASSEMBLY

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ഇന്ന് 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ പരിചരണവും അവകാശ സംരക്ഷണവും ബിൽ അവതരിപ്പിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും സഭ പരിഗണിക്കും. കാര്യോപദേശക സമിതിയുടെ മൂന്നാമത്തെ റിപ്പോർട്ട് മുഖ്യമന്ത്രി സഭയിൽ സമർപ്പിക്കും. ചട്ടം 118 പ്രകാരമുള്ള രണ്ട് പ്രമേയങ്ങൾ ഇന്നലെ സഭ പാസ്സാക്കിയിരുന്നു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച പ്രമേയവും, രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന കേരള സ്വകാര്യ സർവ്വകലാശാല ബിൽ 2025 മടക്കി നൽകാൻ ഗവർണർ മുഖേന അഭ്യർത്ഥിക്കുന്ന പ്രമേയവുമാണ് പാസ്സാക്കിയത്.

*************************

## UNITY DAY

ദേശീയ ഏകതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന മോട്ടോർസൈക്കിൾ റാലിയിൽ കേരള പോലീസും പങ്കെടുക്കും. റാലിയുടെ ഫ്ളാഗ് ഓഫ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. ഇന്ത്യയുടെ ഉരുക്ക് മനുഷ്യന് സർദാർ വല്ലഭ്ഭായ് പട്ടേലിൻറെ ജന്മവാർഷികമായ ഒക്ടോബർ 31 ആണ് ദേശീയ ഏകതാ ദിനമായി ആഘോഷിക്കുന്നത്.

*************************

## REV. SC-CENTRE-CANCER DRUGS

കാൻസർ ചികിത്സാ മരുന്നുകളുടെ വ്യാപാര മാർജിൻ പരമാവധി വിൽപ്പനവിലയുടെ 30 ശതമാനമാക്കിയതായി സുപ്രീംകോടതിയെ അറിയിച്ച് കേന്ദ്രസർക്കാർ. മരുന്നുകളുടെ പട്ടിക ഉടൻ വിജ്ഞാപനം ചെയ്യുമെന്നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത പറഞ്ഞു. ഫാർമസ്യൂട്ടിക്കൽ മേഖലയിലെ വില നിർണയത്തിൽ സമഗ്രമായ പുനഃപരിശോധന വേണമെന്ന് സുപ്രീം കോടതി നിർദേശിച്ചു.

*************************

## FCRA -JPC MEETING

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ, 2026 പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ യോഗം ഇന്നലെ ന്യൂഡൽഹിയിൽ ചേർന്നു. ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ച്, ശീതകാല സമ്മേളനത്തിന്റെ ആദ്യ ആഴ്ചയിലെ അവസാന ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. സമിതിക്ക് ലഭിച്ച അഭിപ്രായങ്ങൾ ജെപിസി വിശദമായി ചർച്ച ചെയ്യുമെന്ന് അധ്യക്ഷനായ ബിജെപി എംപി സഞ്ജയ് ജയ്സ്വാൾ അറിയിച്ചു.

*************************

## DISASTER RISK REDUCTION DAY

ഇന്ന് അന്താരാഷ്ട്ര ദുരന്ത നിവാരണ ദിനം. അപകടസാധ്യതകളെക്കുറിച്ചുള്ള അവബോധം, പ്രതിരോധം, സമൂഹത്തിന്റെ അതിജീവനശേഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഒക്ടോബർ 13-നാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. "ദുരന്തപ്രതിരോധം വീടുകളിൽ നിന്ന് ആരംഭിക്കുന്നു" എന്നതാണ് ഈ വർഷത്തെ പ്രമേയം.

*************************

## JK-TERRORISTS-KILLED&K-TERRORISTS KILLED

ജമ്മു-കശ്മീരിലെ പൂഞ്ച് ജില്ലയിൽ നുഴഞ്ഞുകയറ്റ ശ്രമത്തിനിടെ, ലഷ്കർ-ഇ-തൊയ്ബയുടെ ഒരു കമാൻഡർ ഉൾപ്പെടെ നാല് ഭീകരർ കൊല്ലപ്പെട്ടു. നിയന്ത്രണരേഖയ്ക്ക് സമീപം ലാൻഡ്മൈൻ സ്ഫോടനത്തിലാണ് ഭീകരർ കൊല്ലപ്പെട്ടത്. ഇന്ത്യയിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിക്കുന്നവർ സ്ഥിരമായി ഉപയോഗിച്ചുവരുന്ന സത്‌വാൽ-നാകി - നംഗി ടക്രി മേഖലയിലാണ് സ്ഫോടനം നടന്നത്.

*************************

## NAXAL- CHHATTISGARH

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ നക്സലൈറ്റുകൾ ഒളിപ്പിച്ചുവെച്ചിരുന്ന വൻ ആയുധ ശേഖരവും സ്ഫോടകവസ്തുക്കളും സുരക്ഷാ സേന കണ്ടെടുത്തു. വനമേഖലയിൽ സംയുക്ത സേനാ വിഭാഗങ്ങൾ നടത്തിയ പരിശോധനയിലാണ് സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്തത്. പോലീസ് സൂപ്രണ്ട് മയാങ്ക് ഗുർജർ, അഡീഷണൽ സൂപ്രണ്ട് രോഹിത് ഷാ എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

*************************

## Mobile use in train (INTRO)

ട്രെയിനിൽ മറ്റു യാത്രക്കാർക്കു ശല്യമായ രീതിയിൽ ഫോൺ ഉപയോഗിക്കുന്നതു സംബന്ധിച്ച് പരാതികൾ വന്നാൽ ഉടൻ നടപടി

സ്വീകരിക്കുമെന്ന് റെയിൽവേ അധികൃതർ. ബിഎൻഎസിലെ വിവിധ വകുപ്പുകൾ അനുസരിച്ചുള്ള നടപടികൾ കൈക്കൊള്ളുമെന്ന് അധികൃതർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.... (വോയ്സ്)**

*************************

## CM - SPORTS DAY

ഇന്ന് സംസ്ഥാന കായിക ദിനം. ജി.വി. രാജയുടെ ജന്മദിനമായ ഒക്ടോബർ 13 ആണ് കായികദിനമായി ആചരിക്കുന്നത്. കേരള കായികദിനാഘോഷം 'കേരളം സ്പോർട്സ് നൈറ്റ് 2026' മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യും. കോമൺവെൽത്ത് ഗെയിംസ് ഉൾപ്പെടെയുള്ള വിവിധ മത്സരങ്ങളിൽ മെഡൽ നേടിയ കായികതാരങ്ങളെ ചടങ്ങിൽ ആദരിക്കും.

*************************

## BADMINTON-DENMARK OPEN

ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്ന് തുടക്കമാകും. ഇന്ത്യയുടെ തൻവി ശർമ്മ ഇന്ന് ജപ്പാന്റെ നത്സുക്കി നിഡൈറയെ നേരിടും. പുരുഷ വിഭാഗത്തിൽ, ലക്ഷ്യ സെനും മുൻ ലോക ഒന്നാം നമ്പർ താരം കിടമ്പി ശ്രീകാന്തും കളത്തിലിറങ്ങും. അഷ്മിത ചാലിഹ, ദേവിക സിഹാഗ്, ഉന്നതി ഹൂഡ എന്നിവർ നാളെ മത്സരത്തിനിറങ്ങും.

*************************

## KERALA RAIN

കേരളത്തിൽ തുലാവർഷം ഉടൻ എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം 16 വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇടിമിന്നലിനെതിരെ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

*************************

## J AND K- WEATHER

ജമ്മു കശ്മീരിൽ അടുത്ത ദിവസങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന മലനിരകളിൽ ഹിമപാതത്തിനും സാധ്യതയുണ്ട്. ഉയർന്ന പ്രദേശങ്ങളിലൂടെയും മലനിരകളിലൂടെയും യാത്ര ചെയ്യുന്നവർ ജാഗ്രത പാലിക്കാനും നിർദേശമുണ്ട്.

*************************

## REV. INDIA-IRAN SECURITY CHIEFS

ഇന്ത്യയുടേയും ഇറാന്റെയും ഉന്നത സുരക്ഷാ ഉദ്യോഗസ്ഥർ തമ്മിൽ ഇന്നലെ ചർച്ച നടത്തിയതായി ന്യൂഡൽഹിയിലെ ഇറാനിയൻ എംബസി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ഇറാൻ്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി മൊഹ്സെൻ റെസായിയുമായാണ്, ടെലിഫോൺ സംഭാഷണം നടത്തിയത്. വിവിധ പ്രാദേശിക ആഗോള വിഷയങ്ങൾ ചർച്ചയായി.

*************************

## CENTRE- SUGAR

മഹാരാഷ്ട്രയിലെയും കർണാടകയിലെയും കരിമ്പ് കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഒരാഴ്ചയ്ക്കുള്ളിൽ ഉന്നതതല സമിതി രൂപീകരിക്കുമെന്ന് കേന്ദ്രസർക്കാർ. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനും കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രി പ്രൾഹാദ് ജോഷിയും കർഷക പ്രതിനിധി സംഘങ്ങളുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം. കരിമ്പ് കർഷകർ നേരിടുന്ന വിവിധ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

*************************

## KPCC

ഔദ്യോഗിക എക്സ് പേജിലൂടെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്തിനെതിരെ പോസ്റ്റിട്ട വ്യക്തിയെ ചുമതലയിൽനിന്ന് നീക്കിയതായി കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് അറിയിച്ചു. ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു പോസ്റ്റ് വന്നതെന്ന് കെപിസിസി പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*************************

## APPRENTICESHIP

രാജ്യത്ത് അപ്രന്റീസ് ട്രെയിനികളുടെ എണ്ണം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നാളെ പ്രൈം മിനിസ്റ്റേഴ്സ് നാഷണൽ അപ്രന്റിസ്ഷിപ്പ് മേള സംഘടിപ്പിക്കും. ഇടുക്കി ജില്ലയിലെ അപ്രന്റിസ്ഷിപ്പ് മേള രാവിലെ ഒൻപതിന് കട്ടപ്പന ഗവൺമെന്റ് ഐ.ടി.ഐ യിൽ വച്ച് നടത്തും. പങ്കെടുക്കാൻ താല്പര്യമുള്ളവർ apprenticeshipindia.gov.in പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

*************************

## REV. POWER SECRETARY- MEETING

കാർബൺ വിപണികൾ, യൂറോപ്യൻ യൂണിയന്റെ 'കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം' എന്നിവയുമായി ബന്ധപ്പെട്ട സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയും യൂറോപ്യൻ കമ്മീഷനും തമ്മിൽ ധാരണയായി.

ന്യൂഡൽഹിയിൽ ഊർജ്ജ മന്ത്രാലയ സെക്രട്ടറി പങ്കജ് അഗർവാളും ടാക്സേഷൻ ആൻഡ് കസ്റ്റംസ് യൂണിയൻ ഡയറക്ടർ ജനറൽ ജെറാസിമോസ് തോമസും തമ്മിൽ നടന്ന കൂടിക്കാഴ്ചയിലാണ് തീരുമാനം. ആഭ്യന്തര കാർബൺ വിപണി വികസിപ്പിക്കാനുള്ള ഇന്ത്യയുടെ ശ്രമങ്ങളെ യൂറോപ്യൻ യൂണിയൻ അഭിനന്ദിച്ചു.

************************************************************

***************